# മഴത്തുള്ളി



2018-19

St. Thomas H.S.Pullikkanam

# ആമുഖം

ഇടുക്കി ജില്ലയിലെ സെന്റ്. തോമസ്. എച്ച്
.എസ്. പുള്ളിക്കാനം സ്കൂളിലെ ലിറ്റിൽ
കൈറ്റ്സിൽ അംഗങ്ങളായ
കുട്ടികൾ തയാറാക്കിയ
ഒരു ഡിജിറ്റൽ മാഗസീനാണ്
"മഴത്തുള്ളി"
എന്ന പേരിൽ പുറത്തിറക്കിയത്.
സ്കൂളിലെ വിദ്യാർത്ഥികൾ നിർമ്മിച്ചിരിക്കുന്നതും
രചിച്ചിരിക്കുന്നതും അവർ
ശേഖരിച്ചിരിക്കുന്നതുമായ വിവരങ്ങൾ
ഉൾക്കൊള്ളിച്ചു കൊണ്ട് തയാറാക്കിയ ഈ
മാഗസീൻ എല്ലാവർക്കുമായി സമർപ്പിക്കുന്നു.
കുട്ടികളുടെ പ്രവർത്തനമായതിനാൽ തെറ്റ്
കുറ്റങ്ങൾ ഉണ്ടെങ്കിൽ ക്ഷമിക്കുക . ഞങ്ങളെ
പ്രോൽസാഹിപ്പിക്കുമെന്ന് പ്രതീക്ഷിന്നു .

പ്രസാധക സമിതി

# സന്ദേശം



പ്രശാന്ത സുന്ദരമായ പ്രകൃതിയും ഈശ്വര ചൈതന്യം തുടിക്കുന്ന സ്വച്ഛമായ അന്തരീക്ഷവും സ്വന്തമായുള്ള പുള്ളിക്കാനം എന്ന കൊച്ചു ഗ്രാമത്തിന് തിലകക്കുറിയെന്നോണം പ്രശോഭിക്കുന്ന വിദ്യാലയമാണ് പുള്ളിക്കാനം സെന്റ് തോമസ് ഹൈസ്കൂൾ. പഠനപ്രവർത്തനങ്ങളോടൊപ്പം വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ സ്കൂളിൽ സ്ഥാപിതമായിട്ടുള്ള ലിറ്റിൽ കൈറ്റ് യൂണിറ്റ് വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.അതിൽ പ്രധാനപ്പെട്ട ഒന്നാണ് ഡിജിറ്റൽ മാഗസീൻ നിർമ്മാണം.ഇതിലൂടെ വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കാൻ അവസരം ലഭിക്കുന്നു. ലിറ്റിൽ കൈറ്റ്സിലൂടെ ആർജിച്ചെടുക്കുന്ന കഴിവുകൾ വിവിധ മേഖലകളിൽ കുട്ടികൾക്ക് പ്രയോജനപ്പെടുത്താനാവുമെന്ന് പ്രത്യാശിക്കുന്നു."മഴത്തുള്ളി"എന്ന ഈ ഇ -മാഗസീന്റെ ശിൽപ്പികളായി പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും അവർക്ക് പ്രോത്സാഹനവും പരിശീലനവും നൽകിയ അധ്യാപകർക്കും അഭിനന്ദനങ്ങൾ !

ഇനിയും ഇതുപോലുള്ള ക്രിയാത്മക പ്രവർത്തനൾ ചെയ്യുവാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ്മിസ്ട്രസ്

സി.മെർലിറ്റ് S A B S

# *MEMBERS OF*
# *LITTLE KITES*

*1.ABIN JUBY*
*2.AMAL SIVADHASAN*
*3.ASWIN G*
*4.NITHIN SIVAN*
*5.ADARSH ANIL*
*6.AKHIL A.C*
*7.ARUN PRASAD*
*8.ATHUL SANTHOSH*
*9.JITHU BIJU*
*10.ADITHYA MOL A.S*
*11.ANEETA MOL*
*12.FEBA MOL REJI*
*13.DINA BABY*
*14.SANIYA BENNY*
*15.SREEKUTTY R*
*16.ARCHANA MANI*
*17.KARTHIKA.P.R*
*18.PRITTY MOL*
*19.SURYA UDAYAKUMAR*
*20.TESNA MATHYU*

*2018-19*

# താളുകൾ മറിക്കുമ്പോൾ

കവിത

ലേഖനം

കടങ്കഥകൾ

പഴഞ്ചൊല്ലുകൾ

കഥ

ആൽബം

# പൂമ്പാറ്റ



പൂവിലിരിക്കും പൂമ്പാറ്റേ.....

പൂന്തേൻ നുകരും പൂമ്പാറ്റേ.....

സ്നേഹത്തിന്റെ പൂന്തേൻ നുകരാൻ.....

വന്നെത്തും പൂമ്പാറ്റേ.....

പൂന്തോട്ടത്തിൽ സൗന്ദര്യമേകാൻ

വന്നെത്തി പൂമ്പാറ്റ.....

വർണനിറമുള്ള പൂമ്പാറ്റ

സൗന്ദര്യമുള്ളൊരു പൂമ്പാറ്റ.

വർണനിറങ്ങൾ വാരിവിതറിയ

സൗന്ദര്യമുള്ളൊരു പൂമ്പാറ്റ.

പുഞ്ചിരിതൂകി സൗന്ദര്യമേകി

പാറിവരുന്നൊരു പൂമ്പാറ്റ.

-അനിറ്റ മോൾ

# സുന്ദരി പൂമ്പാറ്റ

വർണ്ണച്ചിറകുള്ള പൂമ്പാറ്റ

പൂന്തേനുണ്ണുന്ന പൂമ്പാറ്റ
പാറി നടക്കും പൂമ്പറ്റ
ചേലേറും ചേമന്തിപ്പൂവിലിരിക്കും
ചേലഴകുള്ളൊരു പൂമ്പറ്റ
സുന്ദരമാം നിൻ പൊൻമേൽ
ആരു നൽകിയതാണീ വർണങ്ങൾ

**- ഫേബാ മോൾ റെജി**

# നക്ഷത്രം



മാനത്തു വിരിയുന്ന പുഷ്പമല്ലോ നീ....

കുട്ടികളുടെ പ്രിയ തോഴിയല്ലോ നീ....

മാനത്തെ വെള്ളിത്തേരിന്റെ

ചങ്ങാതിയല്ലോ നീ

മിന്നിതിളങ്ങുന്ന താരമല്ലോ നീ.....

ഈ പ്രപഞ്ചത്തിന്റെ

സൗഭാഗ്യമല്ലോ നീ.....

-ശ്രീക്കുട്ടി R.

# നദീ നിന്നോട്

ആരോ പറയുന്നു നദീ നിന്നോട്

വേദനാരാഗം പോൽ വന്ന അജ്ഞാതൽ

നിൻ തളർന്ന മുഖം കണ്ട്

ഉല്ലസിച്ചാനന്ദിക്കുന്നു.

ആരോ പറയുന്നു നദീ നന്നോട്

നിൻ ആകർഷകവാം താളം

ഉടച്ചു കളഞ്ഞ ആ അജ്ഞാതൻ

ഇണിതാ ചിരിച്ച് ആനന്ദിക്കുന്നു.

മാലിന്യമാം നിൻ തുള്ളിച്ചുടുനീർ

സാമൺ മത്സ്യത്തിനപോലും

ഉൾക്കൊള്ളാനാവാത്താ

കാഠിന്യ നദിയായ് നീ മാറിയിരുന്നു



-ഡിന ബേബി

# പ്രകൃതി എന്ന സ്നേഹം



പ്രകൃതി എന്നാൽ സ്നേഹമാണ്
ഈ പ്രകൃതിയുടെ മടിയിൽ
വസിക്കുന്ന നമ്മൾ ഭാഗ്യമുള്ളവർ
ഇതിൽ ഉള്ളവയെല്ലാം സുന്ദരവും
സുരഭിലവുമാം
പ്രകാശമുള്ളവയാണ്.
ഇന്നി പ്രകൃതി നോക്കി പുഞ്ചിരി-
ക്കുന്നവരുണ്ടെത്ര പേർ ഈ ലോക-
ത്തിലെങ്കിലും ചുരുക്കം ചിലർ മാത്രം.
കാണുവിൻജനങ്ങളെ ഈ
പ്രകൃതി സൗന്ദര്യത്തെ
ആസ്വദിക്കു നിങ്ങൾ പ്രകൃതി
എന്ന ഈ സ്നേഹത്തെ.

-അമൽ ശിവദാസൻ

# അമ്മ



എനിക്കു പ്രിയപ്പെട്ടതെന്നമ്മ
എന്നെ പരിപാലിച്ചു-
വളർത്തിയതെന്നമ്മ....
അമ്മയിൽ കാണുന്നു ഞാൻ ദൈവത്തെ
പുഞ്ചിരിയോടു കൂടി കാണുന്നു
ഞാൻ എൻ അമ്മ തൻ മുഖം
എന്റെ സാങ്കടങ്ങൾ ഞാൻ-
പങ്കുവെയക്കുന്ന സുഹൃത്ത് എൻന്നമ്മ....
ഞങ്ങളുടെ കഷ്ടതയിലും
പുഞ്ചിരിക്കുന്ന നന്മയാണെന്നമ്മ...

-അബിൻ ജൂബി*

# ജനനി

അഭയമി നി എൻ ക്രൂടെ

നിഴലായ് നി എൻ ക്രൂടെ

എൻ ജനനി
എൻ അമ്മേ

എന്നിൽ വെളിച്ചമായ് നിറഞ്ഞു നി
മഴയായ് പെയ്തു നി.....
എൻ ജനനി.....
എൻ അമ്മേ.....

തണലേകി നി.....
സ്നേഹം തന്നു നി.....
എൻ ജനനി.....
എൻ അമ്മേ.....


© Can Stock Photo

-കാർത്തിക പി.ആർ

# പൂവിനനോട് ഞാൻ



പൂവേ നിന്നോട് ഞാൻ
ചൊല്ലൂന്നിതാ
പൂവാകുന്ന മടിത്തട്ടിൽ ഞാൻ
പൂവാകുന്ന ഇളം കാറ്റിൽ ഞാൻ
ചൊല്ലുന്നു ഞാൻ.....

ഓർമ്മയാകുന്ന പൂവിൽ ഞാൻ
പൂവാക്രുന്ന പൂന്തോപ്പിൽ ഞാൻ
വരുന്നു വരുന്നു ഞാൻ
ഞങ്ങൾ മാത്രം ഞങ്ങൾ മാത്രം

വിടരുന്ന പൂവേ..
മണമാകുന്ന പൂവേ..
നിൻ ചുണ്ടിലെ ഗന്ധം
ഞാൻ അറിയുന്നു.

എത്ര നാളായി ഞാൻ കൊതിച്ചു
നിൻ ചുണ്ടിലെ ഗന്ധം അറിയാൻ
ഇപ്പോൾ ഞാൻ അറിയുന്നു പൂവേ
പൂവേ ഞാൻ നിന്നോട് മാത്രം

-പ്രിറ്റി മോൾ എബ്രഹാം

# മാഞ്ഞുപോയി

തുടിനീർ നട്ടുനനച്ചു വളർത്തിയ
പൂക്കൾക്കുണ്ട് സൗരഭ്യം
നിൻ കവിളുകൾ ചോന്നുവരുന്നൊരു
നേരമെൻ നെഞ്ചിൽ കുളിരായ്.

തളിരായ് കുളിരായ് നീയണയാൻ
എത്രകൊതിച്ചു എന്നുള്ളം
എന്നും നിന്നിൽ അലിഞ്ഞുചേരാൻ
എത്രകൊതിച്ചു എന്നുള്ളം

മഴയായ് പുഴയായ് ഒഴുകും
നിൻ സൗരഭ്യം നുകരാൻ
എത്ര എത്ര കാലങ്ങൾ
ഞാൻ കൊതിച്ചു

-സനിയ ബേന്നി

# പനിനീർപ്പുഷ്പം

പനിനീർപ്പുഷ്പമേ ! നിന്നെ

കാണുവാനെന്തു ചന്തം

നീയാകുന്ന കുഞ്ഞുപുഷ്പത്തിൽ

വിരിയുന്ന സ്നേഹവും പുതു-

ലോകവും ഒരായിരം സന്തോഷവും

കുഞ്ഞുപൂവേ നിന്റെ പുഞ്ചിരിയിൽ



ആനന്ദമാടുന്ന സർവചരാചരങ്ങളും

നിന്നുടു സപ്തവർണങ്ങളിൽ

വിരിയുന്ന മാരിവില്ലിൽ

ഒരു സ്വപ്നവും

എന്തു കൊണ്ടന്നാൽ പുഷ്പമെ  നീ

മനോഹരം സ്വപ്നമായി  മാറുന്നുവല്ലോ

നിൻ   മിഴിയിൽ     നിറയുന്ന

സ്നേഹം ഏവരെയും ഉന്മാദരാക്കുമ്പോൾ

നിന്റെ സ്മരണയിൽ മുഴുകുന്നുവല്ലോ ലോകം

-ആദിത്യമോൾ A.S.

# പൂച്ചശല്യം

പൂച്ചകളെക്കുറിച്ച് ഗവേഷണം നടത്തുന്നയാളാണ് പ്രഫസർ ജോക്കു. ഒരു ദിവസം ഒരാൾ ഒരു പൂച്ചയെ പ്രഫസറുടെ കൈയ്യിൽ കൊടുത്തിട്ടു പറഞ്ഞു: "ഈ പൂച്ചയെകൊണ്ട് വലിയ ശല്യം. പേടിപ്പിച്ചോടിക്കാൻ നോക്കിയിട്ട്



പറ്റുന്നില്ല. രക്ഷിക്കണം. അതിനെന്താ? ജോക്കു പൂച്ചയെയും എടുത്ത് കാട്ടിലേക്ക് നടന്നു. പക്ഷേ, ജോക്കുവിന് വഴി തെറ്റി! എത്ര ദൂരം കൊണ്ടു വിട്ടാലും പൂച്ച തിരികെ വീട്ടിലെത്തും. പൂച്ചയുടെ പിന്നാലെ പോയി നാട്ടിലെത്താം, ജോക്കു വിചാരിച്ചു. പൂച്ചയെ തുറന്ന് വിട്ട് ജോക്കു പിന്നാലെ നടന്നു. രണ്ടു ദിവസം നടന്ന് പൂച്ച വീട്ടിലെത്തി. വീട്ടിലെത്തിയ പ്രഫസർ വിമ്പിളക്കി: പൂച്ചയെ കളയാൻ പോയി വഴി തെറ്റി. ഞാനാരാ മോൻ ? പൂച്ച നടന്ന വഴിയെയങ്ങ് നടന്നു. കൃത്യമായി വീട്ടിലെത്തി. അതുകേട്ട് വീട്ടുകാരൻ പറഞ്ഞു: രണ്ടു മണിക്കൂർ നടന്നാൽ ആ കാട്ടിൽ നിന്ന് വീട്ടിലെത്താം. തനിക്കിട്ടൊരു പണി തരാൻ രണ്ടു ദിവസം ആ കള്ളപ്പൂച്ച തന്നെ നടത്തിച്ചതാ."

# നമ്മുടെ നെൽവിത്തുകൾ


നമ്മുടെ മുഖ്യാഹാരം അരിയാണ്. ലോകജനസംഖ്യയിൽ പകുതിയോളവും അരിയാഹാരം കഴിക്കുന്നവരാണ്. വിശാലമായ



നെൽപ്പാടങ്ങളും അതിനെ ആശ്രയിച്ച് ജീവിക്കുന്ന കർഷകരും മലയാള നാടിന്റെ തനിമയായിരുന്നു. നെൽക്കൃഷി കാർഷികവൃത്തി എന്നതിലുപരി ഒരു സംസ്കാരമായാണ് നാം നോക്കിക്കണ്ടത്. നമ്മുടെ മണ്ണും മനസ്സും രൂപപ്പെടുത്തിയെടുത്തത് നെൽക്കൃഷിയാണ്. നെൽക്കൃഷിയോടൊപ്പം വളർന്ന പാട്ടുകളും കഥകളും മറ്റു കലാരൂപങ്ങളും സാംസ്കാരിക വൈവിധ്യത്തിന്റെ-തുടിയായ ചിഹ്നങ്ങളാണ്.

നെൽവിത്തുകളുടെ വിവിധങ്ങളായ ശേഖരം തന്നെയുണ്ടായിരുന്നു നമുക്ക്. വൈവിധ്യമാർന്ന വിത്തിനങ്ങൾ, നാടൻ വിത്തിനങ്ങൾ ഇവയൊക്കെ ഇന്നേതാണ്ട് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

# ഗാന്ധിപൂജ



ആരുടെ വിനയം
നമ്മുടെ നാടിനു
സ്വാതന്ത്ര്യത്തിൽ
കൊടിയായി
ആഹിംസാമന്ത
കൊണ്ടീ ഭാരത രാഷ്ട്ര
പിതാവായി
ആരുടെ മുന്നിൽ ബ്രിട്ടീഷ്
തോക്കുകളാദരവോടെ
തല താഴ് ത്തി ആരുടെ ചർക്കയിൽ നമ്മുടെ
ഭാരത
ജീവിതനുചടലുകളിഴയായി ആരുടെ രഘുപതിരാഘവ്
കേട്ടാഴയികൾ പോലുമനങ്ങാതായ്
ആരുടെയു പ്രവാസങ്ങൾ നമ്മുടെ ഭാരത
ഭാഗ്യപ്പൊലിമകളായ്
ആ മഹാത്മാഗാന്ധയെ മാതൃകയാകുക
നമ്മുടെ കർത്തവ്യം പുണ്യാത്മവാമദ്ദേഹത്തെ പൂജിക്കുക
എന്നതുമൊരു പുണ്യം....

( എ .സ്സ്. രാമേശൻ നായർ)

# പോകാനൊരുങ്ങിയ കുള്ളനും വെച്ചൂരും

കൃഷിയെ മുഖ്യ ഉപജീവനമാർഗമാക്കിയ ഒരു നാടായിരുന്നു കേരളം. കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലികൾ. ജൈവവളത്തിനും നിലം ഉഴാനുമാണ് മുഖ്യമായും കന്നുകാലികളെ വളർത്തിയിരുന്നത്. പാലും പാലുൽപ്പന്നങ്ങളും അതോടൊപ്പം പശുവിൽനിന്നു കിട്ടിയ ഔദാര്യമായി കരുതാം. കുറഞ്ഞ തീറ്റയും ഉയർന്ന അതിജീവനശേഷിയുമുള്ള നിരവധി നാടൻപശു ഇനങ്ങൾ കേരളത്തിന്റെ പലഭാഗത്തും ഒരു കാലത്തുണ്ടായിരുന്നു. അവയെല്ലാം ഇന്ന് അത്യപൂർവമായിക്കഴിഞ്ഞിരിക്കുന്നു.

പാൽ ഉൽപ്പന്നമായി കണക്കാക്കപ്പെടുകയും ക്ഷീരോൽപ്പാദനം കൂടിയ വിദേശഇനങ്ങളെ വ്യാപകമാക്കുകയും ചെയ്തു തുടങ്ങിയതോടെയാണ് നമ്മുടെ നാടൻ കന്നുകാലികൾ അപ്രത്യക്ഷമായിത്തുടങ്ങിയത്.

# പഴഞ്ചൊല്ലുകൾ*

- അഴകുള്ള ചക്കയിൽ ചുളയില്ല
- അലസന്റെ തല പിശാചിന്റെ പണിപ്പുര.
- താടിയുള്ള അച്ചരനെ പേടിയിള്ളു.
- ഒരുവെടിക്ക് രണ്ടു പക്ഷി
- കാണം വിറ്റും ഓണം ഉണ്ണണം
- ഓന്തിന്റെ നിറം മാറും
- കിട്ടാത്ത മുന്തിരി പുളിക്കും
- കുരയ്ക്കും പട്ടി കടിക്കില്ല
- കള്ളനെ നമ്പിയാലും കുള്ളനെ നമ്പരുത്

# കടങ്കഥകൾ (അശ്വിൻ ജി..)

- കുറ്റിക്കാട്ടിൽ സിംഹക്കുട്ടി? ഉ:പേൻ

- കാലുണ്ട് നടക്കില്ല കയ്യുണ്ട് വിരലില്ല
  മെയ്യുണ്ട് തലയില്ല? ഉ : കസേര

- ചത്തുകിടന്ന പാമ്പ്,വടിയെടുത്താ-
  ലോടും? ഉ : വള്ളം

- ചെപ്പുനിറച്ച് പച്ചയിറച്ചി? ഉ : കക്ക

- തീയിലിട്ടാൽ ചടപടചടപട വെള്ളത്തിലിട്ടാൽ
  കാണില്ല? ഉ : ഉപ്പ്

- നല്ല നായയ്ക്ക് നാവിൻമേൽ പല്ല്? ഉ : ചിരവ

# രസതന്ത്രം ക്വിസ്സ്

(നിധിൻ ശിവൻ..)

✗ ഭൂമിയിൽ ഏറ്റവും കൂടുതലുള്ളതുള്ള മൂലകം ?

ഓക് സിജൻ

✗ മാംസ്യത്തിലെ മുഖ്യഘടകമായ മൂലകം?

നൈട്രജൻ

✗ കാറ്റിന്റെ സഹായത്തോടെ മിശ്രിതങ്ങളെ വേർതിരിക്കുന്ന രീതി?

വിന്നോവിങ്

✗ അരിപ്പ ഉപയോഗിച്ച് തരികളെ വേർതിരിക്കുന്ന രീതി?

സീവിങ്

✗ വർണ്ണവസ്തുക്കളെ വേർതിരിക്ക്ന്ന രീതി?

ക്രൊമോട്ടോഗ്രാഫ

✗ ചുണ്ണാമ്പുവെള്ളത്തെ പാൽനിറമാക്കി മാറ്റുന്ന വാതകം?

കാർബൺഡൈ ഓക്സൈഡ്

✗ മെഴുകിൽ പൊതിഞ്ഞു സൂക്ഷിക്കുന്ന ലോഹം?

ലിഥിയം

# മനസ്സിന്റെ കുളിർമഴ

മലയാള മനസ്സിന്റെ കുളിരായ് തീർന്നവൾ
കളകളം പാടി കുണുങ്ങി ചിരിച്ചവൾ
കാറ്റിനും കുളിരായ് തീർന്നവൾ എൻ ഇള

മനസ്സിൽ കുളിർമഴ പെയ്യുമ്പോഴും
ഇന്നെന്റെയുള്ള് പിടയുന്നു.
ഒരു പട്ടുചേലയായ് മാറ്റിയിരിക്കാം.....
നാം നെയ്തു കൂട്ടിയ സ്വപ്നങ്ങൾ

കവി ഹൃദയങ്ങളിൽ ലയമായ് തീർന്നവൾ
അവളെ കളങ്കിതയാക്കിയ മാനവർ
മനസ്സിന്റെ കീറി മുറിച്ച മായാത്ത മുഖങ്ങൾ.

വിധിയുടെ തീരങ്ങളിൽ ഒരു മഴത്തുള്ളി-
യായ് അലിഞ്ഞു ചേരുന്നു. ഒഴുകുന്ന
കണ്ണിലൂടെ ഒരിറ്റു മിഴിനീർത്തുള്ളിയായ്

# കുരുമുളക് തേടി

കേരളത്തിൽ ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന സുഗന്ധവ്യഞ്ജനമാണ് കുരുമുളക്. പശ്ചിമഘട്ടത്തിലെ നിത്യഹരിതവനങ്ങളാണ് കുരുമുളകിന്റെ ഉദ്ഭവകേന്ദ്രം. പുരാണകാലം മുതൽ വിദേശികൾ ഇന്ത്യയിലേക്ക് വന്നത് കുരുമുളകടക്കമുള്ള സുഗന്ധദ്രവ്യങ്ങൾ തേടിയായിരുന്നു. കേരളത്തിന്റെ സവിശേഷമായ കാലാവസ്ഥയിലാണ് കുരുമുളക് സമൃദ്ധമായി വളരുകയും കായ്ക്കുകയും ചെയ്യുന്നത്. 'തിരുവാതിര ഞാറ്റുവേല' എന്നറിയപ്പെടുന്ന ജൂലൈയിലെ മഴക്കാലത്താണ് കുരുമുളകുകൊടികൾ നടാൻ അനുയോജ്യമായ സമയം. ഒട്ടേറെ നാടൻ ഇനങ്ങളും കൃഷ്ണ ,ശ്യാമ ,പന്നിയൂർ 1, പന്നിയൂർ 7 തുടങ്ങിയ  ഇനങ്ങളും കേരളത്തിൽ കൃഷി ചെയ്തുവരുന്നുണ്ട്. ലോകമെമ്പാടും ആയിരം ഇനം കുരുമുളകുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്.



# സൈലന്റ് വാലി പാർക്ക്

സൈലന്റ് വാലി സ്ഥിതി ചെയ്യുന്നത് പാലക്കാട് ജില്ലയിലാണ് . 89.52 ച.കി.1954 ൽ ദേശീയോദ്യാനമായി പ്രഖ്യാപിച്ചമീറ്ററാണ് വിസ്തീർണ്ണം.വനമേഖതിനാലാണ് സൈലന്റ് വാലി എന്ന് പേര് ലഭിച്ചത്.വംശനാശ ഭീഷണി നേരിടുന്ന സിംഹവാലൻ കുരങ്ങാണ് സൈലന്റ് വാലിയുടെ ആകർഷണം. 2007 ൽ സർക്കാർ സൈലന്റ വാലി പ്രദേശം ബഫർസോൺ ആയി പ്രഖ്യാപിച്ചു.ലകളിൽ സർവ്വ സാധാരണമായ ജീവികളുടെ ശബ്ദ്ം ഈ താഴ്വരയിൽ ഇല്ലാത്തതിനാലാണ് സൈലന്റ് വാലി പാർക്ക് എന്ന് പേര്

ലഭിച്ചത്.



# വംശനാശം

# സംഭവിച്ച ജന്തുകൾ



മാമത്ത്




ഡോഡോ




ഡിനോസർ

# ഇന്ത്യയിലെ സ്മാരകങ്ങൾ



താജ്മഹല്




കുത്തബ്മിനാർ



ചെങ്കോട്ട



ചാർമിനാർ

# കേരളിയകലരൂപങ്ങൾ





കഥകളി

ചവിട്ടുനാടകം





ഒപ്പന

തിരുവാതിര

# നന്ദി

ഈ മാഗസീൻ
നിർമ്മാണത്തിന് ഞങ്ങൾക്ക്
എല്ലാവിധ പിൻതുണയും
പ്രോത്സാഹനവും, വിലയേറിയ
ഉപദേശങ്ങളും നൽകിയ
എല്ലാവർക്കും ഹൃദയം നിറഞ്ഞ
നന്ദി ഇവിടെ
രേഖപ്പെടുത്തട്ടെ.....